"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**സംഗ്രഹം**

പൊതുവിദ്യാഭ്യാസം - എയ്ഡഡ് സ്കൂൾ - ജീവനക്കാര്യം - തിരുവനന്തപുരം ജില്ലയിൽ കരവാരം വി.എച്ച്.എസ്.എസ്.ലെ ശ്രീമതി അശ്വതി പി.കെ. ഫയൽ ചെയ്ത റിട്ട് ഹർജി 26545/2025 നമ്പർ കേസിന്മേലുള്ള 06/10/2025 ലെ വിധിന്യായം നടപ്പിലാക്കി ഉത്തരവ് പുറപ്പെടുവിക്കുന്നു.

**പൊതുവിദ്യാഭ്യാസ (എ) വകുപ്പ്**

സ.ഉ.(സാധാ) നം.5216/2026/GEDN തീയതി,തിരുവനന്തപുരം, 01-08-2026

പരാമർശം:-

1. ശ്രീമതി അശ്വതി പി കെ സമർപ്പിച്ച 20.06.2025 ലെ ഹർജി(Ext.P13)
2. ശ്രീമതി അശ്വതി പി.കെ. ബഹു. ഹൈക്കോടതിയിൽ ഫയൽ ചെയ്ത റിട്ട് ഹർജി 26545/2025 നമ്പർ കേസിന്മേലുള്ള 06/10/2025 വിധിന്യായം.
3. പൊതുവിദ്യാഭ്യാസ ഡയറക്ടറുടെ (വി.എച്ച്.എസ്.ഇ. വിഭാഗം) 03.11.2025 ലെ ഇ3/2058/2025 നമ്പർ കത്ത്.

**ഉത്തരവ്**

തിരുവനന്തപുരം ജില്ലയിൽ കരവാരം വി എച്ച് എസ് എസ് ലെ നോൺ വൊക്കേഷണൽ ഫിസിക്സ് (ജൂനിയർ) ആയ ശ്രീമതി. അശ്വതി പി. കെ ബഹു. ഹൈക്കോടതിയിൽ ഫയൽ ചെയ്ത 26545/2025 നമ്പർ റിട്ട് ഹർജിയിന്മേലുള്ള 6/10/2025 ലെ വിധിന്യായത്തിന്റെ അടിസ്ഥാനത്തിൽ ചുമതലപ്പെടുത്തിയത് പ്രകാരം ഹർജിക്കാരിയെയും ബന്ധപ്പെട്ട മറ്റ് കക്ഷികളേയും 3/12/2025 ന് കേൾക്കുകയുണ്ടായി.

2. <u>ഹർജിക്കാരിയുടെ വാദങ്ങൾ:-</u>

അപേക്ഷക ഫയൽ ചെയ്ത റിട്ട് ഹർജിയിൽ ബഹു. ഹൈക്കോടതി 6-10-2025 ൽ പുറപ്പെടുവിച്ച വിധിയിൽ അപേക്ഷക ഒന്നാം എതിർവാദി മുമ്പാകെ 20-6-2025 ൽ സമർപ്പിച്ചതും പൊതുവിദ്യാഭ്യാസ വകുപ്പ് സെക്രട്ടറിയുടെ തീരുമാനത്തിനുവേണ്ടിയുള്ളതുമായ Ext. P3 നിവേദനം, Ext. P11, Ext. P12 എന്നീ വിധി ന്യായങ്ങളുടേയും Ext. P14 സർക്കാർ ഉത്തരവിന്റേയും വെളിച്ചത്തിൽ മൂന്നു മാസത്തിനകം അപേക്ഷകയെ നേരിൽ കേട്ട് തീർപ്പുകല്പിക്കണമെന്നാണ് നിർദ്ദേശിച്ചിട്ടുള്ളത്

അപേക്ഷക ഫയൽ ചെയ്ത റിട്ട് ഹർജി തീർപ്പാക്കി ബഹു. ഹൈക്കോടതി 6-10-2025 ൽ പുറപ്പെടുവിച്ച വിധിന്യായത്തിൽ രേഖപ്പെടുത്തിയിട്ടുള്ള Ext. P11 നായർ സർവ്വീസ് സൊസൈറ്റിയും കേരള സർക്കാരും തമ്മിലുള്ള 11373/2024 നമ്പർ സ്പെഷ്യൽ ലീവ് പെറ്റീഷനിൽ ബഹു. സുപ്രീംകോടതി 4-3-2025 ൽ പുറപ്പെടുവിച്ച വിധിയാണ്. ഭിന്നശേഷിക്കാർക്കു വേണ്ടി സംവരണം ചെയ്ത ഒഴിവുകൾ ഒഴിച്ചുള്ള ഒഴിവുകളിലെ നിയമനങ്ങൾ അംഗീകരിക്കണമെന്നതാണ് പ്രസ്തുത വിധിയുടെ കാതൽ.

ബഹു. ഹൈക്കോടതിയിൽ ശ്രീ. ബിജിൽ തുടങ്ങി 59 പേർ ഹർജിക്കാരായി ഫയൽ ചെയ്ത 36097/2024 നമ്പർ റിട്ട് ഹർജിയിൽ 28-3-2025 ൽ പുറപ്പെടുവിച്ച വിധിയിൽ വിഭിന്നശേഷിക്കാർക്കുവേണ്ടി മാറ്റിവയ്ക്കപ്പെട്ട ഒഴിവുകൾ ഒഴികെയുള്ള തസ്തികകളിൽ നിയമിതരായവരുടെ നിയമനം സുപ്രീംകോടതി 4-3-2025 ൽ പുറപ്പെടുവിച്ച വിധിയുടെ വെളിച്ചത്തിൽ അപേക്ഷകരുടെ നിയമനം അംഗീകരി ക്കണമെന്നാണ് Ext. P12 ൽ നിർദ്ദേശിച്ചിട്ടുള്ളത്.

അപേക്ഷകയായ ശ്രീമതി. അശ്വതി പി.കെ ഒന്നാം എതിർവാദിയായ പൊതുവിദ്യാഭ്യാസ വകുപ്പ് സെക്രട്ടറി മുമ്പാകെ സമർപ്പിച്ച 20-6-2025 ലെ Ext. P13 നിവേദനത്തിലെ ഉള്ളടക്കം സംക്ഷിപ്തമായി താഴെ വിവരിക്കും പ്രകാരമാണ്.

തിരുവനന്തപുരം ജില്ലയിലെ കിളിമാനൂർ കരവാരം വൊക്കേഷണൽ ഹയർ സെക്കന്ററി സ്കൂളിൽ വിരമിക്കൽ മുഖേന ഒഴിവുവന്ന നോൺ വൊക്കേഷണൽ ഫിസിക്സ് (ജൂനിയർ) സ്ഥായിയായ അദ്ധ്യാപക തസ്തികയിൽ നിയമിക്കപ്പെടുന്നതിന് വേണ്ടി പത്രദ്വാരാ വിജ്ഞാപനം പുറപ്പെടുവിക്കുന്നതിന് മാനേജർ വകുപ്പിനോട് അനുമതി ആവശ്യപ്പെടുകയും വകുപ്പ് അനുമതി നൽകിയതിനെ തുടർന്ന് മാനേജർ മാധ്യമം, കേരളകൗമുദി, ജന്മഭൂമി തുടങ്ങിയ ദിനപ്പത്രങ്ങളിൽ വിജ്ഞാപനം പ്രസിദ്ധീകരിച്ച് അപേക്ഷ ക്ഷണിച്ചാണ് നിയമനത്തിനുള്ള നടപടി സ്വീകരിച്ചിട്ടുള്ളതെന്ന് മാനേജരുടെ 17-11-2025ലെ എം.എൻ/20/2025/2026 നമ്പർ സത്യവാങ്മൂലത്തിൽ നിന്നും വ്യക്തമാണ്.

മാത്രമല്ല മാനേജരുടെ അനുബന്ധം-5 രേഖയിൽ നിന്നും ഭിന്നശേഷി നിയമനം സംബന്ധിച്ച വ്യവസ്ഥ ഹയർ സെക്കന്ററി മേഖലയിൽ ബാധകമാക്കിയത് 2022 ഫെബ്രുവരി മാസം മുതലാണെന്നും മാനേജർ രേഖപ്പെടുത്തിയിട്ടുള്ളതായി കാണാവുന്നതാണ്.

2021 ജനുവരി 29ലെ മാധ്യമം ദിനപ്പത്രത്തിൽ പ്രസിദ്ധീകരിച്ച വിജ്ഞാപനം കണ്ടാണ് അപേക്ഷക അപേക്ഷ സമർപ്പിച്ചത്. അപേക്ഷ ക്ഷണിച്ചുകൊണ്ടുള്ള വിജ്ഞാപനത്തിൽ ഒഴിവ് ഏതെങ്കിലും വിധത്തിലുള്ള സംവരണത്തിനുള്ള നിയമനത്തിനാണെന്ന് വ്യവസ്ഥ ചെയ്തിരുന്നില്ല. അതിനാലാണ് ജനറൽ വിഭാഗത്തിൽപ്പെട്ട അപേക്ഷക വിജ്ഞാപന പ്രകാരം നിയമനത്തിന് അപേക്ഷ സമർപ്പിച്ചത്.

വിജ്ഞാപനത്തിന്റെ അടിസ്ഥാനത്തിൽ 22-7-2021 ൽ കൂടിയ സെലക്ഷൻ കമ്മിറ്റിയുടെ മിനിട്ട്സ് 25-8-2021 ൽ L1/1820/2021 & L1/1820/2021 (2) എന്ന നമ്പരിൽ കൊല്ലം അസിസ്റ്റന്റ് ഡയറക്ടർ വി.എച്ച്.എസ്.ഇ പൊതു വിദ്യാഭ്യാസ തൊഴിലധിഷ്ഠിത ഹയർ സെക്കന്ററി വിഭാഗം ഡയറക്ടർക്ക് അയച്ചത് പരിശോധിച്ചാൽ നിയമനം പൊതുവിഭാഗത്തിന് വേണ്ടിയുള്ളതാണെന്ന് ബോദ്ധ്യപ്പെട്ട് അംഗീകരിച്ച് 6-10-2021 ൽ E3/4079/2020 നമ്പരിൽ പൊതുവിദ്യാഭ്യാസ ഹയർ സെക്കന്ററി വിദ്യാഭ്യാസ വിഭാഗം ഡയറക്ടർ കരവാരം വൊക്കേഷണൽ ഹയർ സെക്കന്ററി സ്കൂൾ മാനേജർക്ക് നൽകിയിട്ടുള്ളതാണ് .

പ്രസ്തുത രേഖയുടെ അടിസ്ഥാനത്തിൽ അപേക്ഷകയായ ശ്രീമതി അശ്വതി പി.കെ-യെ, നോൺ വൊക്കേഷണൽ ഫിസിക്സ് അദ്ധ്യാപികയായ ശ്രീമതി എ.എസ്.ഗിരിജ 31-5-2020 ൽ

വിരമിച്ച ഒഴിവിൽ 7-10-2021 ൽ നിയമിക്കുകയും അപേക്ഷക 7-10-2021 ൽ പൂർവ്വാഹ്നം സർവ്വീസിൽ പ്രവേശിക്കുകയും നിയമനാംഗീകാരത്തിനായി മാനേജർ 7-10-2021 ൽ പൊതുവിദ്യാഭ്യാസ വൊക്കേഷണൽ ഹയർ സെക്കന്ററി വിഭാഗം ഡയറക്ടർക്ക് KVHSS/2021/APA നമ്പരിൽ പ്രൊപ്പോസൽ അയക്കുകയും ചെയ്തിട്ടുണ്ട്.

സർക്കാർ സർവ്വീസിൽ 7-2-1996 മുതൽ 18-4-2017 വരെയുള്ള ഒഴിവു കളിൽ കേഡർ സ്ട്രംഗ്ത്തിന്റെ 3% തസ്തികകളും 19-4-2017 മുതൽ 4% തസ്തികളും വിഭിന്നശേഷിക്കാരായ ഉദ്യോഗാർത്ഥികൾക്ക് സംവരണം ചെയ്ത് നിയമിക്ക ണമെന്ന വ്യവസ്ഥയുടെ അടിസ്ഥാനത്തിൽ ഉണ്ടായ വ്യവഹാരങ്ങളുടെ അന്തിമ ഫലമായി സർക്കാർ 24-3-2023 ൽ പുറപ്പെടുവിച്ച ജി.ഒ (കൈ) 29/2023/ പൊ.വിവ നമ്പർ ഉത്തരവിലെ മാർഗ്ഗനിർദ്ദേശങ്ങൾ അനുസരിച്ച് 18-11-2018നു ശേഷമുണ്ടാവുന്ന ഒഴിവുകളിൽ നിയമിക്കുന്നവർക്ക് താത്ക്കാലിക അംഗീകാരം മാത്രമേ നൽകാനാവൂ എന്നും അതിനാൽ 7-10-2021 മുതൽ നോൺ വൊക്കേഷണൽ ഫിസിക്സ് (ജൂനി യർ) തസ്തികയിൽ 45600-95600 ശമ്പള സ്കെയിലിൽ നിയമിതയായ അപേക്ഷകയുടെ നിയമനം താഴെപ്പറയുന്ന 5 വ്യവസ്ഥകൾ ഉൾപ്പെടുത്തി താത്ക്കാലികമായി അംഗീകരിച്ചാണ് പൊതുവിദ്യാഭ്യാസ വൊക്കേഷണൽ ഹയർ സെക്കന്ററി വിഭാഗം ഡയറക്ടർ 13-11-2023 ലെ ഇ3-4079/2020 നമ്പർ ഉത്തരവ് പുറപ്പെടുവിച്ചത്.

1. നിയമന അംഗീകാര ഉത്തരവ് താൽക്കാലികവും ഭാവിയിൽ വരാവുന്ന സർക്കാർ/കോടതി ഉത്തരവുകൾക്കും പൊതുവിദ്യാഭ്യാസ (വൊക്കേഷണൽ ഹയർ സെക്കന്ററി വിഭാഗം) വകുപ്പിലെ വിവിധ തസ്തികകളിലെ നിയമനവുമായി ബന്ധപ്പെട്ട് സർക്കാർ/പൊതുവിദ്യാഭ്യാസ വകുപ്പ് കാലകാലങ്ങളിൽ പുറപ്പെടുവിക്കുന്ന ഉത്തരവുകൾക്കും വിധേയമായിരിക്കും.

2. ടി ഉദ്യോഗാർത്ഥിക്ക് നോൺ വൊക്കേഷണൽ (ഫിസിക്സ്) ടീച്ചർ (ജൂനിയർ) തസ്തികയിൽ 45600-95600/- രൂപ ശമ്പള സ്കെയിലിൽ അടിസ്ഥാന ശമ്പളവും (45600/-രൂപ) അനുബന്ധ അലവൻസുകളും ഉൾപ്പെടെയുള്ള ശമ്പളം ലഭിക്കുന്നതിന് അർഹത ഉണ്ടായിരിക്കുന്നതാണ്.

3. എംപ്ലോയ്മെന്റ് എക്സ്ചേഞ്ചിൽ റിപ്പോർട്ട് ചെയ്ത നോൺ വൊക്കേഷണൽ (ഫിസിക്സ്) ടീച്ചർ (ജൂനിയർ) തസ്തികയിൽ, ഭിന്നശേഷി ഉദ്യോഗാർത്ഥി ജോലിയിൽ പ്രവേശിക്കുന്നതുവരെ മാത്രം ശ്രീമതി അശ്വതി പി.കെ.യ്ക്ക് നോൺ വൊക്കേഷണൽ (ഫിസിക്സ്) ടീച്ചർ (ജൂനിയർ) തസ്തികയിൽ തുടരാവുന്നതാണ്. ഭിന്നശേഷി ഉദ്യോഗാർത്ഥി ജോലിയിൽ പ്രവേശിക്കുന്നതുമൂലം പുറത്തു പോകേണ്ടി വരുമ്പോൾ ആ സ്കൂളിൽ/ആ മാനേജ്മെന്റിലെ മറ്റു സ്കൂളുകളിൽ പിന്നീടുണ്ടാകുന്ന ഒഴിവുകളിൽ, അതിൽ നിയമിക്കപ്പെടാനുള്ള അയാളുടെ മറ്റു യോഗ്യതകൾക്കു വിധേയമായി പുനർ നിയമനത്തിന്, കെ.ഇ.ആർ അദ്ധ്യായം XIV ചട്ടം 51 എ യ്ക്ക് തുല്യമായ അവകാശം ഉണ്ടായിരിക്കും.

4. ഭിന്നശേഷി സംവരണം പാലിക്കപ്പെടുന്ന മുറയ്ക്ക് മാത്രമേ വാർഷിക ഇൻക്രിമെന്റുകൾ

ലഭിക്കുന്നതിനും പ്രൊബേഷൻ പൂർത്തീകരിക്കുന്നതിനും, അർഹത ഉണ്ടായിരിക്കുകയുള്ളൂ.

5. സ്കൂൾ മാനേജർ സമർപ്പിച്ചിരിക്കുന്ന സത്യാവാങ്മൂലത്തിലും മറ്റു രേഖ കളിലും എന്തെങ്കിലും അപാകതകൾ കണ്ടെത്തുകയും, ആയതുമൂലം സർക്കാരിനോ ഏതെങ്കിലും വ്യക്തികൾക്കോ കഷ്ടനഷ്ടങ്ങൾ ഉണ്ടാവുകയുമാണെങ്കിൽ അതിന്റെ പൂർണ ഉത്തരവാദിത്തം മാനേജർക്ക് മാത്രമായിരിക്കും.

പ്രസ്തുത ഉത്തരവിലെ അഞ്ച് വ്യവസ്ഥകളിൽ 4-ാം മത്തെ വ്യവസ്ഥ ഭിന്നശേഷി സംവരണം പാലിക്കപ്പെടുന്ന മുറയ്ക്ക് മാത്രമേ അപേക്ഷകയ്ക്ക് ഇംക്രിമെന്റ് ലഭിക്കു എന്നും പ്രൊബേഷൻ പൂർത്തീകരിക്കുന്നതിന് അർഹ തയുണ്ടാവുകയുള്ളൂ എന്നതുമാണ്. എന്നാൽ അപേക്ഷക നിയമിതയായ 7-10-2021 അടിസ്ഥാന തീയതിയാക്കി 7-10-2022 ൽ അപേക്ഷകയെ സർക്കാർ ജീവനക്കാർക്ക് ബാധകമായ പ്രൊവിഡന്റ് ഫണ്ട് സ്കീമിൽ 134TVM231 എന്ന നമ്പർ അനുവദിച്ച് പദ്ധതിയിൽ ഉൾപ്പെടുത്തി മുവായിരം രൂപ പ്രതിമാസ വരിസംഖ്യ ഇനത്തിൽ കുടിശ്ശിക ഉൾപ്പെടെയുള്ള തുക അപേക്ഷകയുടെ ശമ്പളത്തിൽ നിന്നും ഈടാക്കി വരികയും കെ.എസ്.ഐ.ഡി/എൽ1/110012515900 എന്ന പോളിസി നമ്പരിൽ SLIC, 120012832842 എന്ന നമ്പരിൽ ഗ്രൂപ്പ് ഇൻഷുറൻസ് എന്നീ പദ്ധതികളും കൂടാതെ പ്രതിമാസം ശമ്പളത്തിൽ നിന്നും 500 രൂപാ വീതം കുറവ് ചെയ്തത് Medisep ലും ഉൾപ്പെടുത്തിയിട്ടുള്ളതു വഴി അപേക്ഷകയുടെ 7-10-2021 മുതലുള്ള നിയമനം റഗുലർ അടിസ്ഥാനത്തിലുള്ളതാണെന്ന് വ്യക്തമാവുന്നുണ്ടെന്നതിനാൽ അതിന് വിരുദ്ധമായ വ്യവസ്ഥകൾ നിയമന ഉത്തരവിൽ ഉൾപ്പെടുത്തി നിയമനം താൽക്കാലികമാണെന്ന് തീരുമാനിക്കുന്നത് സാമാന്യ നീതി നിഷേധമാണെന്ന് ബോദ്ധ്യപ്പെടുത്തുന്നു.

മാത്രമല്ല കരവാരം വൊക്കേഷണൽ ഹയർ സെക്കന്ററി സ്കൂളിലെ നോൺ വൊക്കേഷണൽ ഫിസിക്സ് ജൂനിയർ അദ്ധ്യാപകരുടെ ഒഴിവ് സ്കൂൾ മാനേജ്മെന്റ് പ്രസിദ്ധപ്പെടുത്തി അപേക്ഷ ക്ഷണിച്ച വിജ്ഞാപനത്തിൽ ഏതെങ്കിലും തരത്തിലുള്ള സംവരണ വിഭാഗത്തിൽപ്പെടുത്തിയ നിയമനത്തിനാണ് അപേക്ഷ ക്ഷണിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കിയിട്ടില്ലാതിരുന്നതിനാലാണ് അപേക്ഷക പ്രസ്തുത ഒഴിവിലേക്ക് ചട്ടപ്രകാരം അപേക്ഷ നൽകിയിരുന്നത് എന്ന വസ്തുത ബോദ്ധ്യപ്പെടുത്തുന്നു.

അപേക്ഷകയുൾപ്പെടെയുള്ളവർ സമർപ്പിച്ച അപേക്ഷകളുടെ അടിസ്ഥാനത്തിൽ 22-7-2021 ൽ കൂടിയ സെലക്ഷൻ കമ്മിറ്റി അഭിമുഖം നടത്തി രേഖകൾ പരിശോധിച്ച് വിജ്ഞാപന പ്രകാരമുള്ള ഒഴിവുകളിലേക്ക് തെരഞ്ഞെടുത്ത ഉദ്യോഗാർത്ഥികളുടെ ലിസ്റ്റ് പരിശോധിച്ച് പൊതുവിദ്യാഭ്യാസ (വൊക്കേഷണൽ ഹയർ സെക്കന്ററി വിഭാഗം) ഡയറക്ടർ ഒഴിവുകൾ വ്യവസ്ഥാപിതമാണെന്ന് ബോദ്ധ്യപ്പെട്ട് സെലക്ഷൻ ലിസ്റ്റ് 6-10-2021 ൽ അംഗീകരിച്ച് നൽകിയ ഇ3/4079/2020 നമ്പർ കത്തിൽ പ്രസ്തുത തസ്തികകൾ വിഭിന്നശേഷി വിഭാഗത്തിൽപ്പെടുന്നവർക്ക് വേണ്ടി സംവരണം ചെയ്ത ഒഴിവുകളിൽ അപ്രകാരമുള്ളവരെ നിയമിക്കപ്പെടും വരെ താല്ക്കാലികമായാണ് നിയമിക്കേണ്ടതെന്ന് യാതൊരുവിധ നിർദ്ദേശവും ഇല്ലാതിരുന്നതിനാൽ പ്രസ്തുത സെലക്ഷൻ മുഖേനയുള്ള നിയമനം റഗുലർ വ്യവസ്ഥയിലാണെന്നും ആയതിനാൽ തന്നെ നിയമനത്തിന് റഗുലർ വ്യവസ്ഥയിൽ അംഗീകാരം

ലഭിക്കേണ്ടതുമാണെന്നും ബോദ്ധ്യപ്പെടുത്തുന്നു.

സർക്കാർ പൊതുവിദ്യാഭ്യാസ വകുപ്പിൽ നിന്നും പുറപ്പെടുവിച്ച 22-3-2023 ലെ ജി.ഒ.(കൈ)29/2023/പൊവിവ നമ്പർ ഉത്തരവ് പുറപ്പെടുവിക്കുന്ന തീയതിക്കു മുമ്പ് വിജ്ഞാപനം ചെയ്ത് 22-7-2021 ൽ വകുപ്പുതല ഉദ്യോഗസ്ഥർ ഉൾപ്പെടുന്ന സെലക്ഷൻ കമ്മിറ്റി അഭിമുഖം നടത്തി അംഗീകരിച്ച മിനിട്സ് 6-10-2021 ൽ പൊതുവിദ്യാഭ്യാസ ഡയറക്ടർ അംഗീകരിച്ചാണ് 7-10-2021 ൽ മാനേജർ അപേക്ഷകയെ നിയമിച്ചത് എന്നതിനാൽ തന്നെ വിഭിന്നശേഷി സംവരണം സംബന്ധിച്ച മാർഗ്ഗനിർദ്ദേശങ്ങൾ പുറപ്പെടുവിക്കുന്നതിന് മുമ്പ് നടത്തിയ നിയമനമാണെന്നതിനാൽ റഗുലർ വ്യവസ്ഥയിൽ 7-10-2021 മുതൽ നിയമനത്തിന് അംഗീകാരം ലഭിക്കുവാൻ അർഹതയുണ്ടെന്ന വസ്തുത ബോദ്ധ്യപ്പെടുത്തുന്നു.

അപേക്ഷക ബഹു. ഹൈക്കോടതിയിൽ ഫയൽ ചെയ്ത 26545/2025 നമ്പർ റിട്ട് ഹർജിയിൽ 6-10-2025 ൽ പുറപ്പെടുവിച്ച വിധിയിൽ സർക്കാരിന്റെ പരിഗണനയിലുള്ള 20-6-2025 ലെ Ext. P13 നിവേദനം Ext. P11, Ext. P12, Ext. P14 എന്നീ രേഖകളുടെ വെളിച്ചത്തിൽ തീർപ്പാക്കണമെന്നാണ് നിർദ്ദേശിച്ചിട്ടുള്ളത് എന്ന വസ്തുത പരിഗണിക്കേണ്ടതാണ്.

നായർ സർവ്വീസ് സൊസൈറ്റിയും കേരള സർക്കാരും തമ്മിലുള്ള എസ്.എൽ.പി.11373/2024 നമ്പർ വ്യവഹാരത്തിൽ ബഹു. സുപ്രീംകോടതി 4-3-2025 ൽ പുറപ്പെടുവിച്ച വിധിയിൽ വിഭിന്നശേഷിക്കാർക്ക് സംവരണം ചെയ്തിട്ടുള്ള തസ്തിക നീക്കിവച്ച് ബാക്കി തസ്തികകളിൽ നടത്തിയിട്ടുള്ള നിയമനത്തിന് അംഗീകാരം നൽകി വിദ്യാർത്ഥികൾക്ക് മേന്മയുള്ള വിദ്യാഭ്യാസം ലഭ്യമാക്കണമെന്നാണ് Ext. B11 രേഖയിൽ നിർദ്ദേശിച്ചിട്ടുള്ളത്.

അപേക്ഷക ഫയൽ ചെയ്ത 26545/2025 നമ്പർ കേസിലെ വിധിയിൽ Ext. P12 എന്ന് രേഖപ്പെടുത്തിയിട്ടുള്ളത് ബഹു.ഹൈക്കോടതി 28-3-2025 ൽ പുറപ്പെടുവിച്ച 36097/2024 നമ്പർ കേസിലെ വിധികൂടി പരിഗണിച്ചാവണം അപേക്ഷകയുടെ 20-6-2025 ലെ നിവേദനം തീർപ്പാക്കേണ്ടതെന്നുമാണ് 6-10-2025 ലെ വിധിയിൽ വ്യക്തമാക്കിയിട്ടുള്ളത്.

പ്രസ്തുത വിധിയിൽ ബന്ധപ്പെട്ട മാനേജർമാർ വിഭിന്നശേഷി ക്കാർക്കായി സംവരണം ചെയ്ത ഒഴിവുകൾ മാറ്റിവയ്ക്കപ്പെട്ടിട്ടുണ്ടെന്ന് ഉറപ്പുവരുത്തി പ്രസ്തുത കേസിലെ ഹർജിക്കാരായ 59 അപേക്ഷകരുടേയും നിയമനത്തിന് അംഗീകാരം നൽകണമെന്നാണ് നിർദ്ദേശിച്ചത് എന്ന വസ്തുത ബോദ്ധ്യപ്പെടുത്തുന്നു.

വിഭിന്നശേഷി സംവരണത്തിന്റെ അടിസ്ഥാനത്തിൽ യോഗ്യരായ വിഭിന്നശേഷിക്കാരെ സംവരണ ഒഴിവുകളിൽ നിയമിക്കുന്നതിന് 28-6-2025 ൽ സർക്കാർ പുറപ്പെടുവിച്ച ജി.ഒ.(കൈ)123/2025/പൊവിവ ഉത്തരവിനെ കൂടി (Ext. P14) ആധാരമാക്കി അപേക്ഷകയുടെ 7-10-2021 മുതലുള്ള നിയമനത്തിന് അംഗീകാരം നൽകുന്ന കാര്യം പരിഗണിക്കണമെന്ന ബഹു. ഹൈക്കോടതിയുടെ നിർദ്ദേശം ബോദ്ധ്യപ്പെടുത്തുന്നു.

ബഹു. സുപ്രീംകോടതി എസ്.എൽ.പി 9566/2023 നമ്പർകേസിൽ പുറപ്പെടുവിച്ച വിധിയുടെ അടിസ്ഥാനത്തിൽ സർക്കാർ പുറപ്പെടുവിച്ച Ext. P14 ഉത്തരവിൽ വിഭിന്നശേഷിക്കാരെ

തെരഞ്ഞെടുത്ത് സംവരണം ചെയ്ത ഒഴിവുകളിൽ നിയമിക്കുന്നതിന് രൂപീകരിച്ച സമിതിയുടെ പ്രവർത്തന മാർഗ്ഗ നിർദ്ദേശങ്ങൾ ഉൾപ്പെടുത്തിയിട്ടുണ്ടെന്ന വസ്തുത ബോദ്ധ്യപ്പെടുത്തുന്നു.

കരവാരം വൊക്കേഷണൽ ഹയർ സെക്കന്ററി സ്കൂളിലെ റോസ്റ്റർ പരിശോധിക്കുമ്പോൾ എംപ്ലോയ്മെന്റ് എക്സ്ചേഞ്ചിൽ മൂന്ന് ഒഴിവുകൾ വിവിധ കാറ്റഗറികളിലായി റിപ്പോർട്ട് ചെയ്തിട്ടുണ്ടെന്ന് വ്യക്തമാണെന്ന വസ്തുത ബോദ്ധ്യപ്പെടുത്തുന്നു.

കരവാരം വൊക്കേഷണൽ ഹയർ സെക്കന്ററി സ്കൂളിൽ 17 അദ്ധ്യാപകരുടെയും അഞ്ച് അനദ്ധ്യാപകരുടെയും തസ്തികകളാണ് നിലവിലുള്ളത്. 7-9-1996 മുതൽ കേഡർ സ്ട്രെങ്ത്തിന്റെ 3% തസ്തികകളും 19-4-2017 മുതൽ 4% തസ്തികകളും വിഭിന്നശേഷിക്കാർക്കായി സംവരണം ചെയ്ത് നിയമിക്കണമെന്ന വ്യവസ്ഥയുടെ അടിസ്ഥാനത്തിൽ പരിശോധിക്കുമ്പോൾ അദ്ധ്യാപക തസ്തികയുടെ കേഡർ സ്ട്രെങ്ത്തായ 17 അദ്ധ്യാപകരുടെ 4% 19-4-2017 മുതൽ കണക്കാക്കുമ്പോൾ അത് 0.68 എന്നും അനദ്ധ്യാപകരുടെ ആകെ കേഡർ സ്ട്രെങ്തായ 5 ന്റെ 4% കണക്കാക്കുമ്പോൾ 0.20 എന്നും കാണാവുന്നതിനാൽ അദ്ധ്യാപക-അനദ്ധ്യാപക തസ്തി കകളുടെ ആകെ എണ്ണമായ 22ന്റെ 4% കണക്കാക്കിയാൽ 0.88 എന്ന സംഖ്യ 1 എന്ന് പരിഗണിച്ച് ഒരു തസ്തികയിൽ വിഭിന്നശേഷിക്കാരെ നിമയിക്കേണ്ടതാണെന്ന വസ്തുത ബോദ്ധ്യപ്പെടുത്തുന്നു.

കരവാരം വൊക്കേഷണൽ ഹയർ സെക്കന്ററി സ്കൂളിൽ ഇപ്പോൾ നിലവിലുള്ള വൊക്കേഷണൽ കൊമേഴ്സ് സീനിയർ ടീച്ചർ തസ്തിക വിഭിന്നശേഷി സംവരണത്തിനായി മാനേജർ നീക്കിവച്ചിട്ടുണ്ടെന്നുള്ളതിനാൽ അപേക്ഷകയുടെ നോൺ വൊക്കേഷണൽ ഫിസിക്സ് ജൂനിയർ തസ്തികയിലെ 7-10-2021 മുതലുള്ള നിയമനം അന്നുമുതൽ റഗുലർ അടിസ്ഥാനത്തിൽ അംഗീകരിച്ച് ലഭിക്കാൻ അർഹതയുണ്ടെന്ന കാര്യം ബോദ്ധ്യപ്പെടുത്തുന്നു.

മേൽ വിവരിച്ച വസ്തുതകളുടെയും ഹാജരാക്കിയിട്ടുള്ള രേഖകളുടെയും വെളിച്ചത്തിലും ബഹു. ഹൈക്കോടതിയുടെ 6-10-2025 ലെ വിധിയുടെ വെളിച്ചത്തിലും അപേക്ഷകയുടെ 20-6-2025 ലെ Ext. P13 നിവേദനം പരിശോധിച്ച് പരിഗണിച്ച് വി.എച്ച്.എസ്.ഇ. വിഭാഗം പൊതുവിദ്യാഭ്യാസ ഡയറക്ടറുടെ 13-11-2023 ലെ E3-4079/2020 നമ്പർ നടപടി ഉത്തരവ് പുന:പരിശോധിച്ച് അപേക്ഷകയുടെ 07-10-2021 മുതലുള്ള നോൺ വൊക്കേഷണൽ ഫിസിക്സ് ജൂനിയർ അദ്ധ്യാപക തസ്തികയിലെ നിയമനത്തിന് റഗുലർ അടിസ്ഥാനത്തിൽ നിയമനാംഗീകാരം നൽകുന്നതിനുള്ള നിർദ്ദേശം നൽകി ഉത്തരവുണ്ടാവണമെന്ന് അഭ്യർത്ഥിക്കുന്നു.

3. <u>വിദ്യാഭ്യാസ അധികൃതരുടെ റിപ്പോർട്ട് ചുവടെ ചേർക്കുന്നു:-</u>

കരവാരം വി.എച്ച്.എസ് സ്കൂളിലെ നോൺ വൊക്കേഷണൽ ടീച്ചർ ഫിസിക്സ് (ജൂനിയർ) തസ്തികയിൽ 31-5-2020ൽ വിരമിക്കൽ മൂലം നിലവിൽ വന്ന ഒഴിവിലേക്ക് പത്രപരസ്യത്തിന് മാനേജരുടെ അപേക്ഷ പരിഗണിച്ച് അനുമതി നൽകുകയും 22-7-2021 തീയതി അസിസ്റ്റന്റ് ഡയറക്ടറുടെ ഓഫീസിൽ അഭിമുഖം നടത്തി നോൺ വൊക്കേഷണൽ ടീച്ചർ ഫിസിക്സ് (ജൂനിയർ) തസ്തികയിലേക്ക് ശ്രീമതി അശ്വതിപി.കെ-യെ തിരഞ്ഞെടുത്തിരുന്നു. 6-10-2021

തീയതിയിലെ പൊതു വിദ്യാഭ്യാസ ഡയറക്ടറുടെ കത്ത് നം.ഇ3/4070/20 പ്രകാരം സെലക്ഷൻ അപ്രൂവൽ ലഭിച്ചിരുന്നു. എന്നാൽ എയിഡഡ് മേഖലയിൽ ദിന്നശേഷി നിയമനം സംബന്ധിച്ച ഉത്തരവ് ബാധകമാക്കിയതിനാൽ നിയമനാംഗീകാരം നൽകിയിരുന്നില്ല. ഭിന്നശേഷി സംബന്ധിച്ച ഉത്തരവ് പാലിക്കുവാൻ ടി സ്കൂൾ മാനേജർ നോൺ വൊക്കേഷണൽ ടീച്ചർ ഫിസിക്സ് (ജൂനിയർ) തസ്തിക എംപ്ലോയ്മെന്റ് എക്സ്ചേഞ്ചിൽ റിപ്പോർട്ട് ചെയ്ത് കൈപ്പറ്റ് രസീത് സമർപ്പിച്ചിരുന്നു. 31-03-2023 ലെ H2/295299/2022-DGE സർക്കുലർ പ്രകാരം 8-11-2021 തീയതിക്ക് മുൻപുള്ള ഒഴിവായതിനാൽ ടി ഒഴിവിലേക്കും അഭിമുഖം നടത്തി തിരഞ്ഞെടുത്ത എല്ലാ ജീവനക്കാർക്കും ശമ്പള സ്കെയിലിൽ താത്ക്കാലികമായി അംഗീകാരം നൽകിയിരുന്നു.

നിലവിലെ നിയമ പ്രകാരം സ്ഥിരമായി നിയമനാംഗീകാരം നൽകണമെങ്കിൽ ഭിന്നശേഷി സംവരണ നിയമനം നടത്തിയിരിക്കണം. ടി സ്കൂളിൽ ശ്രീമതി. അശ്വതി.പി.കെ ജോലി ചെയ്യുന്ന ഫിസിക്സ് (ജൂനിയർ) തസ്തികയാണ് മാനേജർ എംപ്ലോയ്മെന്റ് എക്സ്ചേഞ്ചിൽ റിപ്പോർട്ട് ചെയ്തിരിക്കുന്നത്. ടി സ്കൂളിൽ നോൺ വൊക്കേഷണൽ ടീച്ചർ ജൂനിയർ തസ്തികയിൽ നിലവിൽ ഒഴിവില്ല. ടിയാൾ ഇത്രയും നാൾ ടി സ്കൂളിൽ പഠിപ്പിച്ചിരുന്നതുകൊണ്ടും മാനുഷിക പരിഗണ നൽകി ഇനി ഒഴിവ് വരുന്ന ജൂനിയർ തസ്തിക എംപ്ലോയ്മെന്റിൽ മാനേജർ റിപ്പോർട്ട് ചെയ്ത് ഭിന്നശേഷി ഉദ്യോഗാർത്ഥിയെ നിയമിക്കുന്ന മുറയ്ക്ക് ടിയാരിയുടെ നിയമനത്തിന് സ്ഥിരാംഗീകാരം നൽകാവുന്നതാണെന്നും വി എച്ച് എസ് ഇ അസിസ്റ്റന്റ് ഡയറക്ടർ റിപ്പോർട്ട് ചെയ്തിട്ടുണ്ട്.

<u>4. മേൽ വസ്തുതകൾ, ഹിയറിംഗ് സമയത്തെ വാദങ്ങൾ, ഹാജരാക്കപ്പെട്ട രേഖകൾ, ലഭ്യമായ റിപ്പോർട്ടുകൾ ബന്ധപ്പെട്ട ചട്ടങ്ങൾ/ഉത്തരവുകൾ എന്നിവയുടെ അടിസ്ഥാനത്തിൽ പരിശോധിച്ചു.</u>

തിരുവനന്തപുരം ജില്ലയിൽ കരവാരം വൊക്കേഷണൽ ഹയർ സെക്കന്ററി സ്കൂളിൽ നോൺ വൊക്കേഷണൽ ഫിസിക്സ് (ജൂനിയർ) ആയ ശ്രീമതി. അശ്വതി പി കെ യുടെ 7/10/2021 മുതലുള്ള നോൺ വൊക്കേഷണൽ ഫിസിക്സ്(ജൂനിയർ) തസ്തികയിലെ നിയമനത്തിന് റഗുലർ അടിസ്ഥാനത്തിൽ നിയമനാംഗീകാരം നൽകണമെന്നതാണ് Ext. P13 റിവിഷൻ ഹർജിയിലെ ആവശ്യം. Ext. P13 ഹർജി Ext. P11, Ext. P12 വിധിന്യായങ്ങളുടെയും Ext. P14 സർക്കാർ ഉത്തരവിന്റെയും വെളിച്ചത്തിൽ പരിശോധിച്ച് തീർപ്പാക്കുന്നതിനാണ് ബഹു. ഹൈക്കോടതി നിർദ്ദേശം നൽകിയിട്ടുള്ളത്.

കരവാരം വി.എച്ച്.എസ്. സ്കൂളിലെ നോൺ വൊക്കേഷണൽ ടീച്ചർ ഫിസിക്സ് (ജൂനിയർ) തസ്തികയിൽ 31-5-2020ൽ വിരമിക്കൽ മൂലം നിലവിൽ വന്ന ഒഴിവിലേക്ക് പത്രപരസ്യത്തിന് മാനേജരുടെ അപേക്ഷ പരിഗണിച്ച് അനുമതി നൽകുകയും 22-7-2021 തീയതി അസിസ്റ്റന്റ് ഡയറക്ടറുടെ ഓഫീസിൽ അഭിമുഖം നടത്തി. നോൺ വൊക്കേഷണൽ ടീച്ചർ ഫിസിക്സ് (ജൂനിയർ) തസ്തികയിലേക്ക് ശ്രീമതി. അശ്വതിപി.കെ-യെ തിരഞ്ഞെടുത്തിരുന്നു. 6-10-2021 തീയതിയിലെ പൊതു വിദ്യാഭ്യാസ ഡയറക്ടറുടെ കത്ത് നം.ഇ3/4070/20 പ്രകാരം സെലക്ഷൻ അപ്രൂവൽ ലഭിച്ചിരുന്നു. എന്നാൽ എയിഡഡ് മേഖലയിൽ ഭിന്നശേഷി നിയമനം സംബന്ധിച്ച ഉത്തരവ് ബാധകമാക്കിയതിനാൽ നിയമനാംഗീകാരം നൽകിയിരുന്നില്ല. ഭിന്നശേഷി

സംബന്ധിച്ച ഉത്തരവ് പാലിക്കുന്നതിന് സ്കൂൾ മാനേജർ നോൺ വൊക്കേഷണൽ ടീച്ചർ ഫിസിക്സ് (ജൂനിയർ) തസ്തിക എംപ്ലോയ്മെന്റ് എക്സ്ചേഞ്ചിൽ റിപ്പോർട്ട് ചെയ്ത് കൈപ്പറ്റ് രസീത് വി എച്ച് എസ് ഇ റീജിയണൽ ഓഫീസിൽ സമർപ്പിക്കുകയും 31-03-2023 ലെ H2/295299/2022-DGE സർക്കുലർ പ്രകാരം 8-11-2021 തീയതിക്ക് മുൻപുള്ള ഒഴിവായതിനാൽ ടി ഒഴിവിലേക്കും അഭിമുഖം നടത്തി തിരഞ്ഞെടുത്ത എല്ലാ ജീവനക്കാർക്കും ശമ്പള സ്കെയിലിൽ താത്ക്കാലികമായി അംഗീകാരം നൽകുകയും ചെയ്തിരുന്നു.

നിലവിലെ നിയമ പ്രകാരം സ്ഥിരമായി നിയമനാംഗീകാരം നൽകണമെങ്കിൽ ഭിന്നശേഷി സംവരണ നിയമനം നടത്തിയിരിക്കണം. ടി സ്കൂളിൽ ശ്രീമതി. അശ്വതി.പി.കെ ജോലി ചെയ്തിരുന്ന ഫിസിക്സ് (ജൂനിയർ) തസ്തികയാണ് മാനേജർ എംപ്ലോയ്മെന്റ് എക്സ്ചേഞ്ചിൽ റിപ്പോർട്ട് ചെയ്തിരുന്നത്. ടി സ്കൂളിൽ നോൺ വൊക്കേഷണൽ ടീച്ചർ ജൂനിയർ തസ്തികയിൽ നിലവിൽ ഒഴിവില്ല. പൊതുവിദ്യാഭ്യാസ ഡയറക്ടറുടെ 13.11.2023 ലെ ഇ3/4079/2020 നമ്പർ ഉത്തരവ് പ്രകാരം ശ്രീമതി. അശ്വതി പി കെ യുടെ 7/10/2021 മുതലുള്ള നിയമനത്തിന് താൽക്കാലികമായി അംഗീകാരം നൽകിയിരുന്നു.

പ്രസ്തുത സ്കൂളിൽ ഭിന്നശേഷി സംവരണം പാലിക്കുന്നതിനായി ശ്രീ.അശ്വതി.പി.കെ-യ്ക്ക് നിയമനം ലഭിച്ച നോൺ വൊക്കേഷണൽ ഫിസിക്സ് ജൂനിയർ അദ്ധ്യാപക തസ്തികയാണ് എംപ്ലോയ്മെന്റ് എക്സ്ചേഞ്ചിലേയ്ക്ക് റിപ്പോർട്ട് ചെയ്തതിരുന്നത്. 24.3.2024 ലെ സ.ഉ. (കൈ) നം.29/2023/പൊ.വി.വ. ഉത്തരവിലെ പാര 2 (iv) പ്രകാരം "താൽക്കാലിക നിയമനാംഗീകാരം നേടുന്ന ആൾ ഭിന്നശേഷി ഉദ്യോഗാർത്ഥി ജോലിയിൽ പ്രവേശിക്കുന്നതു മൂലം പുറത്തു പോകേണ്ടി വരുമ്പോൾ ആ സ്കൂളിൽ / ആ മാനേജ്മെന്റിലെ മറ്റു സ്കൂളുകളിൽ പിന്നീടുണ്ടാകുന്ന ഒഴിവുകളിൽ, അതിൽ നിയമിക്കപ്പെടാനുള്ള അയാളുടെ യോഗ്യതകൾക്കു വിധേയമായി, പുനർനിയമനത്തിന് കെ.ഇ.ആർ അദ്ധ്യായം XIV (A) ചട്ടം 51 A അവകാശം ഉണ്ടായിരിക്കും" എന്ന് വ്യക്തമാക്കിയിട്ടുണ്ട്. "എംപ്ലോയ്മെന്റ് എക്സ്ചേഞ്ചിൽ റിപ്പോർട്ട് ചെയ്ത നോൺ വൊക്കേഷണൽ (ഫിസിക്സ്) (ജൂനിയർ) അദ്ധ്യാപക തസ്തികയിൽ, ഭിന്നശേഷി ഉദ്യോഗാർത്ഥി ജോലിയിൽ പ്രവേശിക്കുന്നതു വരെ മാത്രം ശ്രീ.അശ്വതി.പി.കെ-യ്ക്ക് നോൺ വൊക്കേഷണൽ (ഫിസിക്സ്) (ജൂനിയർ) തസ്തികയിൽ തുടരാവുന്നതാണ്" എന്ന് നിയമന ഉത്തരവിലെ 3-ാം പാരയിലും വ്യക്തമാക്കിയിരുന്നു. എന്നാൽ പ്രസ്തുത സ്കൂളിൽ ഇപ്പോൾ നിലവിലുള്ള വൊക്കേഷണൽ കൊമേഴ്സ് സീനിയർ ടീച്ചർ തസ്തികയാണ് ഭിന്നശേഷി സംവരണത്തിനായി മാറ്റിവെച്ചിട്ടുള്ളതെന്ന് മാനേജർ ഹിയറിംഗ് വേളയിൽ അറിയിക്കുകയുണ്ടായി.

നായർ സർവ്വീസ് സൊസൈറ്റി Vs സ്റ്റേറ്റ് ഓഫ് കേരള കേസിലെ എസ്.എൽ.പി.11373/2024 മേലുള്ള ബഹു. സുപ്രീംകോടതിയുടെ 4-3-2025 ലെ വിധിന്യായത്തിൽ ഭിന്നശേഷിക്കാർക്ക് സംവരണം ചെയ്തിട്ടുള്ള തസ്തിക നീക്കിവച്ച് ബാക്കി തസ്തികകളിൽ നടത്തിയിട്ടുള്ള നിയമനത്തിന് അംഗീകാരം നൽകുന്നതിന് നിർദ്ദേശം നൽകിയിരുന്നു(Ext.P11).

36097/2024 നമ്പർ റിട്ട് ഹർജിയിന്മേലുള്ള 28.3.2025 ലെ വിധിന്യായത്തിൽ മാനേജർമാർ ഭിന്നശേഷി ക്കാർക്കായി സംവരണം ചെയ്ത ഒഴിവുകൾ മാറ്റിവയ്ക്കപ്പെട്ടിട്ടുണ്ടെന്ന് ഉറപ്പുവരുത്തി പ്രസ്തുത കേസിലെ ഹർജിക്കാരായ 59 അപേക്ഷകരുടേയും നിയമനത്തിന് അംഗീകാരം

നൽകണമെന്ന് ബഹു. ഹൈക്കോടതിയും നിർദ്ദേശിക്കുകയുണ്ടായി (Ext P12).

കരവാരം വൊക്കേഷണൽ ഹയർ സെക്കന്ററി സ്കൂളിൽ ഇപ്പോൾ നിലവിലുള്ള വൊക്കേഷണൽ കൊമേഴ്‌സ് സീനിയർ ടീച്ചർ തസ്തിക ഭിന്നശേഷി സംവരണത്തിനായി മാനേജർ നീക്കിവച്ചിട്ടുണ്ടെന്നുള്ളതിനാൽ ഹർജിക്കാരിയുടെ നോൺ വൊക്കേഷണൽ ഫിസിക്സ് ജൂനിയർ തസ്തികയിലെ 7-10-2021 മുതലുള്ള നിയമനം Ext. P11,12 വിധിന്യായങ്ങളുടെയും Ext. P14 ഉത്തരവിന്റെയും അടിസ്ഥാനത്തിൽ പ്രസ്തുത തീയതി മുതൽ റഗുലറായി അംഗീകരിച്ച് നൽകണമെന്നാണ് ഹർജിക്കാരി ആവശ്യപ്പെട്ടിട്ടുള്ളത്.

5. എയ്ഡഡ് സ്കൂളുകളിൽ നിലവിലുള്ള സർക്കാർ നിർദേശങ്ങൾ പ്രകാരം ഭിന്നശേഷി നിയമനത്തിനായി വ്യവസ്ഥാപിതമായ തസ്തികകൾ മാറ്റിവെച്ചിട്ടുള്ള മാനേജ്മെന്റുകളിൽ, ഭിന്നശേഷി സംവരണ നിയമനവുമായി ബന്ധപ്പെട്ട് താത്കാലികമായി (പ്രൊവിഷണലായി ശമ്പള സ്കെയിലിൽ/ദിവസവേതനം) ജോലി ചെയ്യുന്ന ജീവനക്കാരെ, ബഹു. സുപ്രീം കോടതിയിൽ നിലനിൽക്കുന്ന സ്പെഷ്യൽ ലീവ് പെറ്റിഷനുകളുടെ അന്തിമ വിധിയ്ക്ക് വിധേയമായി, മറ്റു വിധത്തിൽ ക്രമപ്രകാരമെങ്കിൽ, ശമ്പള സ്കെയിലിൽ ക്രമീകരിക്കുവാൻ ആവശ്യമായ നടപടികൾ സ്വീകരിക്കുവാൻ വിദ്യാഭ്യാസ ഓഫിസർമാർക്കു നിർദ്ദേശം നൽകിക്കൊണ്ട് 18.02.2026 ലെ സ.ഉ.(എം.എസ്) നം.31/2026/G.EDN ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്. എന്നാൽ ശ്രീമതി.അശ്വതി.പി.കെ-യ്ക്ക് നിയമനം ലഭിച്ച നോൺ വൊക്കേഷണൽ ഫിസിക്സ് ജൂനിയർ അദ്ധ്യാപക തസ്തികയാണ് ഭിന്നശേഷി സംവരണം പാലിക്കുന്നതിനായി എംപ്ലോയ്മെന്റ് എക്സ്ചേഞ്ചിലേയ്ക്ക് മാനേജർ റിപ്പോർട്ട് ചെയ്തിരുന്നത്. നിലവിലുള്ള വൊക്കേഷണൽ കൊമേഴ്സ് സീനിയർ ടീച്ചർ തസ്തികയാണ് ഭിന്നശേഷി സംവരണത്തിനായി മാറ്റിവെച്ചിട്ടുള്ളതെന്ന് മാനേജർ അറിയിച്ചിട്ടുണ്ട് എങ്കിലും വൊക്കേഷണൽ ഹയർ സെക്കന്ററി (സീനിയർ), വൊക്കേഷണൽ ഹയർ സെക്കന്ററി (ജൂനിയർ) എന്നീ രണ്ടു വിഭാഗങ്ങളിലും ഭിന്ന ശേഷി സംവരണം പാലിക്കുന്നതിനായി തസ്തികകൾ മാറ്റി വെയ്ക്കേണ്ടതുള്ളതിനാൽ നോൺ വൊക്കേഷണൽ ഫിസിക്സ് ജൂനിയർ അദ്ധ്യാപക തസ്തികയിൽ നിയമനം നൽകിയ ശ്രീമതി.അശ്വതി.പി.കെ-യ്ക്ക് മേൽ ഉത്തവിന്റെ ആനുകൂല്യം ലഭിക്കണമെങ്കിൽ പ്രസ്തുത വിഭാഗത്തിൽ ഭിന്നശേഷി നിയമനത്തിനായി വ്യവസ്ഥാപിതമായ തസ്തിക മാറ്റി വെച്ചിട്ടുണ്ടാവണം.

6. മേൽ സാഹചര്യത്തിൽ തിരുവനന്തപുരം ജില്ലയിൽ കരവാരം വൊക്കേഷണൽ ഹയർ സെക്കന്ററി സ്കൂളിൽ നോൺ വൊക്കേഷണൽ ഫിസിക്സ് (ജൂനിയർ) ആയ ശ്രീമതി. അശ്വതി പി കെ യുടെ 7/10/2021 മുതലുള്ള നോൺ വൊക്കേഷണൽ ഫിസിക്സ്(ജൂനിയർ) തസ്തികയിലെ നിയമനത്തിന് റഗുലർ അടിസ്ഥാനത്തിൽ നിയമനാംഗീകാരം നൽകണമെന്ന Ext.P13 റിവിഷൻ ഹർജിയിലെ ആവശ്യം നിരസിച്ചുകൊണ്ട് ഉത്തരവ് പുറപ്പെടുവിക്കുന്നു.

7. ഇപ്രകാരം ശ്രീമതി അശ്വതി പി.കെ. ബഹു. ഹൈക്കോടതിയിൽ ഫയൽ ചെയ്ത റിട്ട് ഹർജി 26545/2025 നമ്പർ കേസിന്മേലുള്ള 06/10/2025 ലെ വിധിന്യായം നടപ്പാക്കുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
SWAPNA P

ജോയിന്റ് സെക്രട്ടറി

അഡ്വക്കേറ്റ് ജനറൽ, എറണാകുളം (ആമുഖ കത്ത് സഹിതം)
ശ്രീമതി അശ്വതി പി.കെ., നോൺ വൊക്കേഷണൽ ടീച്ചർ ഫിസിക്സ് (ജൂനിയർ),
കരവാരം വി.എച്ച്.എസ്.എസ്., കല്ലമ്പലം പി.ഒ., ആറ്റിങ്ങൽ, തിരുവനന്തപുരം.
മാനേജർ, വൊക്കേഷണൽ ഹയർ സെക്കന്ററി സ്കൂൾ, കരവാരം, കിളിമാനൂർ, തിരുവനന്തപുരം-695605.
പൊതുവിദ്യാഭ്യാസ ഡയറക്ടർ, തിരുവനന്തപുരം-695 014.
അസിസ്റ്റന്റ് ഡയറക്ടർ, വി.എച്ച്.എസ്.സി., റീജിയണൽ ഓഫീസ്,
ഭാവന നഗർ, കടപ്പാക്കട, കൊല്ലം-691 008.
പൊതുവിദ്യാഭ്യാസ (ജെ.എ.) വകുപ്പ് (കുറിപ്പ് JA2/116/2026-G.EDN നമ്പർ 25.07.2026 തീയതി പ്രകാരം)
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (എ&ഇ/ഓഡിറ്റ്), കേരളം, തിരുവനന്തപുരം.
ഡയറക്ടർ, വെബ് ആന്റ് ന്യൂ മീഡിയ (പ്രസിദ്ധീകരണത്തിനായി)
നോഡൽ ഓഫീസർ, കൈറ്റ് (വെബ് സൈറ്റിൽ പ്രസിദ്ധീകരിക്കുന്നതിനായി)
സ്റ്റോക്ക് ഫയൽ (എ3/179/2025-പൊ.വി.വ.).

ഉത്തരവിൻ പ്രകാരം

Digitally signed by
Aji Kumar R
Date: 01-08-2026
16:37:55

സെക്ഷൻ ഓഫീസർ